## ടൂറിസം രംഗത്ത് വിദേശ മൂലധനവും സ്വകാര്യ പങ്കാളിത്തവും ആകർഷിക്കുന്നതിന് പദ്ധതി

99 [1785] ശ്രീ. കെ. കെ. ജയചന്ദ്രൻ:
" എ. കെ. ബാലൻ:
" ടി. പി. രാമകൃഷ്ണൻ:
" പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം രംഗത്ത് വിദേശ മൂലധനവും സ്വകാര്യ പങ്കാളിത്തവും ആകർഷിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) വിദേശ മൂലധനം ആകർഷിക്കുന്നതിനായുള്ള സംസ്ഥാനത്തെ ഏതെല്ലാം പദ്ധതികൾക്കുവേണ്ടി റവന്യൂ, വനം, ടൂറിസം, കൃഷി വകുപ്പുകളുടെ അധീനതയിലുള്ള ഏതെല്ലാം ഭൂമികൾ വിട്ടുകൊടുക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനകം ഏതെല്ലാം ടൂറിസം പദ്ധതികൾക്ക് ഏതെല്ലാം സ്ഥലങ്ങൾ ഏതെല്ലാം വ്യവസ്ഥയിൽ വിട്ടുകൊടുക്കുകയുണ്ടായി;

(ഡി) സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് പരിഗണിച്ചുകൊണ്ടിരിക്കുന്നതും ലക്ഷ്യമിട്ടിട്ടുള്ളതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) വിദേശ മൂലധനവും സ്വകാര്യ പങ്കാളിത്തവും ആകർഷിക്കുന്നതിന് ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിലൊന്നായി കേരളത്തെ വളർത്തുന്നതിലേക്കായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും പ്രചാരണ പരിപാടികൾ നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ടൂറിസം വ്യവസായമായി പ്രഖ്യാപിക്കുകയും സ്വകാര്യ സംരംഭകർക്ക് ഇൻവെസ്റ്റ്മെന്റ് സബ്സിഡി, ഇലക്ട്രിസിറ്റി താരിഫ് ഇളവ് തുടങ്ങിയ സഹായങ്ങൾ ടൂറിസം വകുപ്പ് നൽകി വരുന്നുമുണ്ട്.

(ബി) ടൂറിസം വകുപ്പിന്റെ അധീനതയിലുള്ള സർക്കാർ ഭൂമി വിദേശ മൂലധനം ആകർഷിക്കുന്നതിനുവേണ്ടി പ്രത്യേകമായി വിട്ടുകൊടുക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

(ഡി) ബേക്കൽ, വാഗമൺ, ആക്കുളം കൺവെൻഷൻ സെന്റർ, മട്ടാഞ്ചേരി ഹെറിറ്റേജ് ബ്രിഡ്ജ് പുനഃരുദ്ധാരണവും വികസനവും.

LIBRARY ARCHIVES Kerala Legislative Assembly